വി. കൊച്ചുത്രേസ്യായുടെ

ചരമശതാബ്ദി (1897 - 1997)

സ്മരണിക





മണപ്പുറം

MARAM
73.1
BRARY

In Pursuit of Perfection

KOLUTHARAS

LANDTEX

MATT

PREMIUM DECORATIVE
EXTERIOR FINISH

KOLUTHARAS

IS : 5410

SUPER

LAVANYACEM

SELF CURING WATER-PROOF
Supreme CEMENT PAINT

KOLUTHARA
GROUP

KOLUTHARA PAINTS & COATINGS (P) LTD
MANAPPURAM P.O.,
CHERTHALA,
PIN - 688 558,
ALAPPUZHA DISTRICT,
PH : 0478 - 532442

LAVANYA PAINTS (P) LTD
MANAPPURAM P.O.,
CHERTHALA,
PIN - 688 558,
ALAPPUZHA DISTRICT,
PH : 0478 - 532342





His Grace Archbishop VARKEY VITHAYATHIL
Apostolic Administrator of Ernakulam - Angamaly

88000754
M731 BG17/1997



Rev : Fr : ALEX UKKEN, C. M. I.
Prior General






Rev : Fr : ALEX ORUTHAYAPPILLY, C. M. I.
Our Provincial





Rev : Fr : CYRIAC MURICKAN, C. M. I.
Our Prior

Rev. Fr. Alex. C.M.I. PROVINCIAl,
S.H. Provincial House
Kalamassery, Rajagiri P.O.,
Pin - 683 104



സന്ദേശം

വിശുദ്ധ കോച്ചുത്രേസ്യായുടെ ചരമശതാബ്ദി ആഘോഷത്തോടനുബന്ധിച്ച്, മണപ്പുറത്തെ കൊച്ചുത്രേസ്യാ ഭക്തരായ നിങ്ങളേവരും ചേർന്ന് ഒരു സ്മരണിക പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ എനിക്ക് സന്തോഷമുണ്ട്. കുറുക്ക് വഴികളിലൂടെ സ്വർഗ്ഗത്തിലെത്തിച്ചേരുവാൻ സാധിക്കുമെന്നു പഠിപ്പിച്ച കൊച്ചുറാണിയിൽനിന്നും സ്വീകരിച്ചിട്ടുള്ള നന്മകൾക്ക് നന്ദി സൂചകമായി ഈ സ്മരണിക എന്നും നമ്മുടെ ഓർമ്മയിൽ ഉണ്ടായിരിക്കട്ടെ. ചരമശതാബ്ദിയുടെ മംഗളങ്ങൾ ഏവർക്കും നേരുന്നു. ഒപ്പം ഇതിനുവേണ്ടി പ്രവർത്തിച്ച എല്ലാവരേയും നന്ദിയോടെ സ്മരിക്കുകയും ചെയ്യുന്നു.

രാജഗിരി,
9. 9 . 97

ഫാ. അലക്സ് ഒരുതായപ്പിള്ളി സി.എം.ഐ.
പ്രൊവിൻഷ്യൽ

With best compliments from

SACREDHEART MONASTERY THEVARA

S.H. COLLEGE ,THEVARA

S.H. HIGHSCHOOL ,THEVARA

St.MARY'S U.P.SCHOOL ,THEVARA

St. MARY'S NURSERY SCHOOL, THEVARA

LITTLE FLOWER INDUSTRIAL PRESS ,THEVARA

Phone:- (0484) 311225,315948

Little Flower Monastery,
Manappuram,
Cherthala - 688 558

സന്ദേശം

ആധുനിക ലോകത്തിലെ ഏററവും വലിയ വിശുദ്ധയെന്നറിയപ്പെടുന്ന വിശുദ്ധ കൊച്ചുത്രേസ്യായുടെ ചരമ ശതാബ്ദി വർഷത്തിൽ, മണപ്പുറത്ത് നിന്നും വിശുദ്ധയുടെ ചരമശതാബ്ദി സ്മാരകമായി ഒരു സ്മരണിക പ്രസിദ്ധീകരിക്കുന്നത് സമുചിതമാണ്.

ഏതാവശ്യത്തിനും വിശുദ്ധ കൊച്ചുത്രേസ്യായുടെ പക്കൽ മദ്ധ്യസ്ഥം തേടിയെത്തുന്ന മണപ്പുറം നിവാസികളുടെ വിശുദ്ധയോടുള്ള നന്ദി സൂചകമായി ഈ സ്മരണിക നമുക്ക് ഏററുവാങ്ങാം " സ്വർഗ്ഗത്തിലെ എന്റെ വാസം ഭൂമിയിൽ നന്മചെയ്യുവാൻ ഞാൻ വിനിയോഗിക്കും.", വിശുദ്ധയുടെ ഈ വാക്കുകൾ നമ്മുടെ ജീവിതത്തിൽ പകർത്തിക്കൊണ്ട് ദിവസത്തിൽ ഒരു നന്മയെങ്കിലും ചെയ്ത് കടന്നുപോകുവാൻ വിശുദ്ധ കൊച്ചുത്രേസ്യായുടെ മദ്ധ്യസ്ഥം നമുക്ക് തേടാം. ഈ സ്മരണിക അണിയിച്ചൊരുക്കുന്നതിന് സഹായിച്ച എല്ലാവരേയും വിശുദ്ധ കൊച്ചുത്രേസ്യാ അനുഗ്രഹിക്കട്ടെ,

ആശംസയോടെ,

മണപ്പുറം
10 . 9 . 97

സിറിയക്കച്ചൻ, പ്രിയോർ

ആശംസകൾ !!!

വാര്യംപറമ്പിൽ കുടുംബം



എഡിറ്റോറിയൽ

പരിപൂർണ്ണമായ ദൈവാശ്രയത്തിന്റേയും നിരന്തരമായ പ്രാർത്ഥനയുടേയും ജീവിതം - അതായിരുന്നു. 'വിശുദ്ധ കൊച്ചുത്രേസ്യ' ആപുണ്യവതിയുടെ 100-ാം ചരമ വാർഷികമാണ് 1997 സെപ്തംബർ - 30. 1997 ഭാരതീയരെ സംബന്ധിച്ചടുത്തോളം രാജ്യത്തിന്റെ സുവർണ്ണജൂബിലിവർഷം കൂടിയാണ്. സെൻറ്. വിൻസെൻറ് ഡി പോൾ സൊസൈറ്റിയുടെ സ്ഥാപകൻ ഫ്രെഡറിക് ഓസാനാമിനെ ജോൺ പോൾ രണ്ടാമൻ മാർപാപ്പ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചതും ഈ വർഷം തന്നെയാണ്. 1997 സെപ്തംബർ 30ന് അവസാനിക്കുന്ന ചരമ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായിട്ടാണ് ഈ സ്മരണിക പ്രസിദ്ധീകരിക്കുന്നത്.

വിശുദ്ധ കൊച്ചുത്രേസ്യായുടെ നാമധേയത്തിൽ സി.എം.ഐ സഭാ നേതൃത്വത്തിൻ കീഴിൽ സ്ഥാപിതമായ മണപ്പുറം ആശ്രമ ദേവാലയത്തിൽ വിശുദ്ധയോടുള്ള ആദരസൂചകമായി ഒരുവർഷം നീണ്ടുനിൽക്കുന്ന ശതാബ്ദി ആഘോഷ പരിപാടികൾ 1997 ഒക്ടോബർ 1ന് തുടക്കം കുറിച്ചു. സ്വർഗ്ഗത്തിൽ നിന്നും റോസാപുഷ്പങ്ങൾ വർഷിക്കുമെന്ന് അരുളിച്ചെയ്ത വിശുദ്ധ കൊച്ചുത്രേസ്യ മണപ്പുറം പ്രദേശത്തെ ക്രൈസ്തവസമൂഹത്തിന് മാത്രമല്ല, മറ്റുള്ളവർക്കും നിരവധിയായ അനുഗ്രഹങ്ങൾ വർഷിച്ചുകൊണ്ടിരിക്കുന്നു.

ശതാബ്ദി ആഘോഷ പരിപാടികളിൽ വൈദികർ നടത്തിയ ധ്യാനം, കലാകായിക മത്സരങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്നു. സമാപനചടങ്ങ് ആശിർവദിച്ച് അനുഗ്രഹിക്കുന്നത് സീറോ മലബാർ സഭയുടെയും എറണാകുളം അതിരൂപതയുടേയും അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ മാർ വർക്കി വിതയത്തിൽ മെത്രാപ്പോലീത്തയാണ്. ബഹു: വി.എം. സുധീരൻ എം.പി.യാണ് വിശുദ്ധ കൊച്ചുത്രേസ്യായുടെ ചരമ ശതാബ്ദി സ്മരണിക പ്രകാശനം ചെയ്യുന്നത്.

ഈ ചരമശതാബ്ദി ആഘോഷ പരപാടികൾക്ക് ആസൂത്രണം നടത്തിയതും പ്രചോദനം നൽകിയതും നമ്മുടെ ആശ്രമത്തിലെ പ്രിയോർ ബഹുമാനപ്പെട്ട സിറിയക് മുരിക്കനച്ചനും, ആശ്രമാംഗങ്ങളും സി.എം.സി. മഠത്തിലെ ബഹുമാനപ്പെട്ട സിസ്റ്റേഴ്സും ആണ്. ഈ ദേവാലയവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ക്രിസ്തീയ സമൂഹം ആഘോഷ പരിപാടികൾ സമുചിതമായി കൊണ്ടാടുന്നതിനുവേണ്ട പിൻബലം നൽകി. സിറിയക് അച്ചനേറയും ഇവരുടേയും പ്രവർത്തനങ്ങളെ സ്നേഹപൂർവ്വം സ്മരിക്കുന്നു.

ഈ സ്മരണികയുടെ കവർ ഡിസൈൻ ചെയ്തത് ജോബ് പി.കെ. യാണ്. സാന്നിദ്ധ്യംകൊണ്ടും സഹകരണംകൊണ്ടും ബ്രദർ ജോൺസൺ ഞങ്ങളെ വളരെ സഹായിച്ചു. ഈ സ്മരണികയ്ക്ക് സംഭാവനകളും പരസ്യങ്ങളും വിവരണങ്ങളും റിപ്പോർട്ടുകളും നൽകിയവരേയും കൃതജ്ഞതാപൂർവ്വം ഈ അവസരത്തിൽ സ്മരിക്കുന്നു.

ഞങ്ങളുടെ സംരംഭത്തിന് ഡി.റ്റി.പി. ആൻറ് പ്രിൻറിംഗ് ജോലികൾ ചെയ്ത കാവ്യ ഓഫ്സെറ്റ് പ്രിൻറേഴ്സിനും നന്ദി രേഖപ്പെടുത്തുന്നു.



സ്നേഹപൂർവ്വം,

സുവിനിയർ കമ്മിറ്റിക്കുവേണ്ടി,
ജോൺ കൊല്ലേഴം (കൺവീനനർ)

Best Compliments From :-

St. Ann's Convent

Cherthala

Phone : 812279

ആശംസകൾ

ജോർജ്ജ് കോടവേലി & ഫാമിലി

പേരയിൽ
മണപ്പുറം പി.ഒ.
ഫോ: 532215

Best Compliments from :-

C.M.I GENERALATE

THE FIRST INDIGENOUS RELIGIOUS CONGREGATION

IN INDIA

FR.PRIOR GENERAL& COMMUNITY,C.M.I PRIORGENERALS HOUSE
P.B. NO. 1056,ERNAKULAM,KOCHI 682001

Tel.(0484) 382137
381537
FAX 382363

With best compliments from :-

Very. Rev. Fr. Vicar& Parishioners

St.Mary;s forane church

Pallippuram

Phone 552246



ചെറുപുഷ്പാശ്രമം – മണപ്പുറം.
ചരിത്രം

വി:കൊച്ചുത്രേസ്യായുടെ ചരമശതാബ്ദി ഓർമ്മയ്ക്കായി പ്രസിദ്ധീകരിക്കുന്ന സ്മരണികയിൽ മണപ്പുറം ആശ്രമത്തിന്റെ സംക്ഷിപ്ത ചരിത്രം ഉണ്ടായിരിക്കുന്നത് പഴയ തലമുറയ്ക്കും പ്രത്യേകിച്ച് ഇളം തലമുറയ്ക്കും ഉപകാരപ്രദമായിരിക്കും എന്ന വിശ്വാസത്തോടെ ഏതാനും കാര്യങ്ങൾ കുത്തിക്കുറിക്കട്ടെ.

ചേർത്തല പട്ടണത്തിൽ നിന്നും 12 കിലോമീറ്റർ വടക്കായി പള്ളിപ്പുറം ഫൊറോനയുടെ കീഴിലുള്ള വാഴത്ത: ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ, പാലയ്ക്കൽ തോമാമൽപ്പാനച്ചൻ തുടങ്ങിയ പുണ്യാത്മക്കളുടെ പാദസ്പർശനത്താൽ പരിപൂജിതമായ തൈക്കട്ടുശ്ശേരി ഇടവക അതിർത്തിയിൽ, കൊച്ചോളങ്ങൾ സൃഷ്ടിച്ചുകൊണ്ട് ശാന്തസുന്ദരമായി ഒഴുകുന്ന വേമ്പനാട്ട് കായൽത്തീരത്താണ് മണപ്പുറം ചെറുപുഷ്പാശ്രമം സ്ഥിതിചെയ്യുന്നത്.

പള്ളിപ്പുറം പള്ളി ഇടവക പാണാവള്ളിയിൽ വാഴത്തറ കുഞ്ചറിയാച്ചനും തുരുത്തിപ്പള്ളി ഇടവക കിഴക്കേത്തയ്യിൽ എരുമച്ചാടത്ത് തോമാച്ചനും കൂടി വരാപ്പുഴ വികാരി അപ്പസ്തോലിക് ആയിരുന്ന ലെയനാർദ് മെത്രാനച്ചന്റെ അനുവാദത്തോടുകൂടി വി: ഫിലിപ്പിനേരിയുടെ നാമത്തിൽ 1880 ഓഗസ്റ്റ് 19-ാം തീയതി പാണാവള്ളിയിൽ ഒരു സഭ സ്ഥാപിച്ചു.

1887 സെപ്തംബറിൽ വരാപ്പുഴയിൽ നിന്നും സുറിയാനിക്കാർ വേർതിരിക്കപ്പെട്ടു അക്കാലത്ത് കുഞ്ചെറിയാച്ചൻ മരിച്ചുപോയിരുന്നു. എരുമച്ചാടത്ത് തോമാച്ചനൊഴികെ മറ്റുള്ളവരെല്ലാം സഭ വിട്ടുപോയി തൽസമയം ബഹു: തോമാച്ചൻ സി.എം.ഐ. സഭയിൽ ചേർന്ന് മരിക്കുവാൻ ആഗ്രഹിക്കുന്നതായി അന്നത്തെ സി.എം.ഐ. സഭയുടെ ജനറാളും ഇന്ത്യയുടെ അപ്പസ്തോലിക് ഡെലിഗേറ്റുമായിരുന്ന അയൂത്തി മെത്രാനച്ചനെ അറിയിച്ചു. മാർ. അയൂത്തി തിരുമേനിയുടെ കൽപ്പന പ്രകാരം 1890ൽ പാണാവള്ളി ആശ്രമവും പള്ളിയും അവിടുത്തെ സ്ഥാവരജംഗമവസ്തുക്കളും മാന്നാനം ശ്രേഷ്ഠൻ തീറുവാങ്ങി. അന്നുമുതൽ (1890) പാണാവള്ളി ആശ്രമം സി.എം.ഐ. സഭയുടെ ഒരു സ്ഥാപനമായി മാറി.

1897 നവംബറിൽ പാണാവള്ളി ആശ്രമം ഒരു കാനോനിക സ്ഥപനമാക്കി ഉയർത്തി. കോയിപ്പള്ളി ബഹു: പീലിപ്പോസച്ചനായിരുന്നു ആദ്യത്തെ പ്രിയോർ എന്നാൽ ഏതാനും വർഷങ്ങൾക്കുശേഷം പാണാവള്ളി ഇടവകക്കാർ ആശ്രമത്തിനോടടുത്ത് ഒരു പള്ളി പണിതതിനാൽ ആശ്രമം, പാണാവള്ളിയിൽ നിന്ന് മറ്റൊരു സ്ഥലത്തേയ്ക്ക് മാറുന്നത് നല്ലതായിരുക്കുമെന്ന് ആശ്രമാംഗങ്ങൾ കരുതി. അങ്ങനെ മണപ്പുറത്ത് സി.എം.ഐ. കാരുടെ വകയായി ഉണ്ടായിരുന്ന സ്ഥലത്ത് 1926 മെയ് 17ന് വി: കൊച്ചുത്രേസ്യായുടെ നാമത്തിൽ മണപ്പുറം ആശ്രമക്കെട്ടിടത്തിന് അന്നത്തെ പ്രിയോർ ജനറലായിരുന്ന പെരിയ. ബഹു: ലൂയിസ് നേര്യംപറമ്പിലച്ചൻ തറക്കല്ലിട്ടു. 6 മാസം കൊണ്ട് കെട്ടിടം പൂർത്തിയാക്കി. 1926 ഡിസംബറിൽ പ്രഥമ മണപ്പുറം വികാരിയായി ബഹു: പാലയ്ക്കൽ തോമാച്ചനും (The grand nephew of the co-Founder Fr. Thomas Palackal) കൂട്ടരും മണപ്പുറത്ത് താമസമാക്കി. പുതിയ രണ്ടുനില കെട്ടിടത്തിന്റെ തറ പണി നടത്തിയത് ബഹു: തോമാച്ചൻ തന്നെയായിരുന്നു.

1929ൽ ബഹു: തോമാച്ചന്റെ പിൻഗാമിയായി വന്ന ബഹു: ബർത്തോൾഡച്ചൻ കെട്ടിടം പണി പൂർത്തിയാക്കി 1932ൽ കാനോനിക ഭവനമാക്കി ഉയർത്തിയ ചെറുപുഷ്പാശ്രമത്തിന്റെ ആദ്യത്തെ പ്രീയോർ ബഹു: ബർത്തോൾഡച്ചൻ തന്നെയായിരുന്നു. 1926ൽ സി.എം.ഐ. അച്ചൻമാർ മണപ്പുറത്ത്

With best compliments from :-

PROVINCIAL& COMMUNITY

SACRED HEART PROVINCE
RAJAGIRI,KALAMASSERY



Tel: (0484) 540331
fax: 540631

താമസമാക്കിയ കാലം മുതൽ പള്ളിപ്പുറം ഇടവകയുടെ വടക്കേ അതിർത്തിയിലും തൈക്കാട്ടുശ്ശേരി ഇടവകയുടെ വടക്ക്കിഴക്കേഅതിർത്തി പ്രദേശത്തും ഉള്ള ഏവരുടേയും ആദ്ധ്യാത്മികവും, സാമൂഹ്യവും വിദ്യാഭ്യാസപരവുമായ കാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധചെലുത്തിയിരുന്നു. വിദ്യാഭ്യാസത്തിലൂടെ മാത്രമേ ജീവിതത്തെ സംസ്കാരപൂർണ്ണമാക്കാൻ സാധിക്കൂ എന്ന് പഠിപ്പിച്ച ചാവറയച്ചൻ തുടങ്ങിവച്ച വിദ്യാഭ്യാസ പ്രവർത്തനങ്ങളെ തുടർന്നുകൊണ്ടുപോകുന്നതിനുള്ള ആദ്യപടിയായി 1938ൽ തന്നെ ഇവിടെ പ്രൈമറി സ്ക്കൂൾ സ്ഥാപിച്ചു 1964ൽ യു.പി. സ്ക്കൂളും 1982ൽ ഹൈസ്ക്കൂളും ആരംഭിച്ചു. ഇന്നുള്ള ഹൈസ്ക്കൂളിന്റെ പുതിയ രണ്ടുനില കെട്ടിടത്തിന്റെ പിന്നിൽ പ്രവർത്തിച്ചത്, 1996 ജൂൺ 5-ാം തീയതി ക്യാൻസർ രോഗം മൂലം നമ്മിൽ നിന്ന് വേർപിരിഞ്ഞുപോയ ബഹു: നിക്കോളാസ് പൊന്തേമ്പള്ളി അച്ചനാണെന്ന കാര്യം പ്രത്യേകം സ്മരണാർഹമാണ്. 1976ൽ സ്ഥാപിതമായ ഇൻഫെൻറ് മേരി നേഴ്സറിസ്ക്കൂൾ കുഞ്ഞുമക്കളുടെ കാര്യത്തിലും പ്രത്യേകം ശ്രദ്ധിക്കുവാൻ തുടങ്ങി.

1971ൽ ശ്രീമാൻ കെ.പി. വർഗ്ഗീസ് കോളുതറയുടെ സഹകരണത്തോടെ ക്രിസ്തുപാൽ (St. Joseph's) ആശുപത്രിക്ക് തുടക്കംകുറിച്ചപ്പോൾ മണപ്പുറം നിവാസികളുടെ ഒരു വലിയ സ്വപ്നം സാക്ഷാൽക്കരിക്കപ്പെടുകയായിരുന്നു. പ്രസ്തുത ആശുപത്രി ഇപ്പോൾ സി.എം.സി. സിസ്റ്റേഴ്സിന് ആശുപത്രി പ്രവർത്തനത്തിനായി വിട്ടുകൊടുത്തിരിക്കുകയാണ്.

1994 ജൂൺ 30-ാം തീയതി അന്നത്തെ ഏറണാകുളം സഹായമെത്രാൻ മാർ. ജേക്കബ് മനത്തോടത്ത് പിതാവ് വെഞ്ചരിച്ച് ദിവ്യബലിയർപ്പിച്ച് ഉത്ഘാടനം ചെയ്ത മനോഹരമായ സെമിത്തേരി മണപ്പുറം നിവാസികളുടെ ചിരകാല അഭിലാഷത്തിന്റെ പൂർത്തീകരണമായി നിലകൊള്ളുന്നു. അന്നത്തെ പ്രിയോർ നിക്കോളാസച്ചന്റെറയും തൈക്കാട്ടുശ്ശേരി പള്ളി വികാരി. പോൾ കട്ടയക്കെത്തൂട്ടച്ചന്റേറയും മണപ്പുറം നിവാസികളുടേയും കൂട്ടായ ശ്രമത്തിന്റെ ഫലമായിട്ടാണ് മണപ്പുറം നിവാസികൾക്ക് അന്ത്യവിശ്രമം കൊള്ളുവാനുള്ള സെമിത്തേരി അതിവേഗം പണിതീർത്തതെന്ന കാര്യം നന്ദിയോടെ സ്മരിക്കട്ടെ. മണപ്പുറം നിവാസികൾക്ക് സ്വർഗ്ഗത്തിൽനിന്നും നന്മകൾ വർഷിച്ചുകൊണ്ടിരിക്കുന്ന വി: കൊച്ചുത്രേസ്യായോടുള്ള നന്ദി സൂചകമായി 1942ൽ കായൽത്തീരത്ത് കപ്പേളയും 1949ൽ പടിഞ്ഞാറ് ഭാഗത്ത് കപ്പേളയും സ്ഥാപിച്ചു.

ഭാരത സ്വാതന്ത്ര്യത്തിന്റെ സുവർണ്ണജൂബിലി വർഷത്തിൽ വി: കൊച്ചുത്രേസ്യായുടെ ചരമ ശതാബ്ദിയിൽ പാണാവള്ളിയിൽ സി.എം.ഐ. ആശ്രമം സ്ഥാപിച്ചതിന്റെ ശതാബ്ദിയും ഒരുമിച്ചാഘോഷിക്കുന്ന ഈ അവസരത്തിൽ മണപ്പുറത്തെ മഹത്പുരിയാക്കുന്നതിലുള്ള പരിശ്രമത്തിൽ സാന്നിദ്ധ്യംകൊണ്ടും സഹകരണംകൊണ്ടും പ്രോത്സാഹനംകൊണ്ടും സഹായിച്ച മരിച്ചുപോയവരേയും ഇപ്പോൾ ജീവിച്ചിരിക്കുന്നവരേയും കൊച്ചുത്രേസ്യ സ്വർഗ്ഗത്തിൽ നിന്നും റോസാപുഷ്പങ്ങൾ വർഷിച്ച് അനുഗ്രഹിക്കട്ടെ എന്നുള്ള പ്രാർത്ഥനയോടെ ഈ സംക്ഷിപ്ത ചരിത്രം ഇവിടെ നിർത്തുന്നു.



എന്ന്,

ആശ്രമശ്രേഷ്ഠൻ,
ഫാ. സിറിയക് മുരിക്കൻ സി.എം.ഐ.

ആശംസകൾ

ബല്ലാ ഗാർമെൻസ് ചേർത്തല

റെഡീമെയ്ഡ് വസ്ത്രങ്ങളുടെ ഉത്സവം

Best compliments from:-

KERALA BANKERS

Makkekadavu

Manappuram

ഇപ്പോഴത്തെ ആശ്രമാംഗങ്ങൾ

റവ: ഫാ: സിറിയക് മുരിക്കൻ (പ്രിയോർ)
റവ: ഫാ: ഔദീസ്യോ തിരുമത്ത്
റവ: ഫാ: ജോർജ്ജ് മുട്ടംതോട്ടിൽ
റവ: ബ്രു: സ്റ്റീഫൻ കണിപ്പിള്ളിൽ

ചെറിയവരായിരിക്കുക

നാം ചെറിയവരായിരിക്കുമ്പോൾ നമ്മുടെ ഇല്ലായ്മയെക്കുറിച്ച് ബോധമുള്ളവരായിരിക്കുകയും, ദൈവത്തിന്റെ നൻമയിൽ നിന്ന് എല്ലാം പ്രതീക്ഷിക്കുകയും ചെയ്യുന്നു: ഒരു ശിശു തന്റെ പിതാവിൽ നിന്ന് എല്ലാം പ്രതീക്ഷിക്കുന്നതുപോലെ തന്നെ. യാതൊന്നും, ആദ്ധ്യാത്മിക സമ്പാദ്യങ്ങൾ വാരിക്കൂട്ടണമെന്നുള്ള വിചാരംപോലും അപ്പോൾ നമ്മെ ശല്യപ്പെടുത്തുകയില്ല

ദൈവമുമ്പാകെ ഒരു ശിശുവായിരിക്കുക എന്നതിന്റെ അർത്ഥം, നമ്മുടെ കഴിവിനെപ്പറ്റി നമുക്ക് മതിപ്പ് തോന്നി, നമുക്കുണ്ടായേക്കാവുന്ന സദ്ഗുണങ്ങൾ നമ്മിൽ തന്നെ നാം ആരോപിക്കയില്ലെന്നുള്ളതാണ്. നേരെമറിച്ച് പുണ്യത്തിന്റെ നിധി, അത് എപ്പോഴും തന്റേതാണെങ്കിലും, തനിക്കാവശ്യമുള്ളപ്പോൾ ഉപയോഗിക്കുവാൻ ദൈവം തന്റെ പൈതലിന്റെ കൈകളിൽ ഏൽപ്പിച്ചിരിക്കയാണെന്നും അതുസൂചിപ്പിക്കുന്നുണ്ട്

വി. കൊച്ചുത്രേസ്യ

Best compliments from

L.F.C.M.C CONVENT
MANAPPURAM

Phone 532562

Best compliments from:-

St.Joseph Hospital

Manappuram,Cherthala

Phone(0478)532683

Doctors:- Dr.Devasya M.D (Physician)

Dr. S.V.L Narasimha Rao MBBS(RMO)

Rev.Dr. Sr. Josephath (Visiting)





മാടപ്പിറാവ്

കേഴുന്നുവോ തരുലതാദികളിന്നു
ഉഴറുന്നുവോ? പുൽക്കൊടിപോലുമിങ്ങു
അടങ്ങാത്ത ദു:ഖമൊരുവിധത്തിൽ
അടക്കി നിൽപ്പൂ തവ വിടവാങ്ങലിൽ.

ബാലാർക്കബിംബമീ വാർത്തകേട്ടിട്ടോ?
വാടുംമുഖവുമായ് വന്നു നിൽപൂ
പുലർകാലത്തെ പൊൻതിരി നീട്ടാൻ
പൂങ്കിരണങ്ങൾ മറന്നുനില്പൂ

ഈ വാർത്തകേൾക്കാൻ വയ്യാതെയാവാം
ഈറനാം തെന്നൽ മാറിനില്പൂ
കരിമുകിൽക്കൊടിയോ കദനമേറി
കരിങ്കൊടിപോലെ വാനിൽ നില്പൂ
അങ്ങിൽ നിന്നാത്മ ഭോജനമുൾക്കൊണ്ട
ഞങ്ങളജ്ഞങ്ങളോ നിർവ്വികാരർ
ആ മൃദു പാദസ്പർശമേറ്റതാ – മീ
മണൽത്തരിയും വിലപിപ്പൂ മൂകം

ആകെ ശ്മശാന മൂകതയല്ലോ
നിയതിയുമീ കൊച്ചാശ്രമവും
സുന്ദര സ്വപ്ന സങ്കൽപ്പങ്ങളോ
സ്വർഗ്ഗീയമാക്കിയ വന്ദ്യശ്രേഷ്ഠം.

അക്ഷീണമെയ് നിനച്ചെന്തെന്തു കാര്യം
അക്ഷരാർത്ഥത്തിലോ ചെയ്തുതീർത്തു
അപ്പഴുമങ്ങിൽ കണ്ടില്ല സ്പർദ്ധയും
ആ വദനത്തിലൊരശ്രദ്ധയും.

ഇനിയെന്നുകാണുമീ പാതയോരുത്തു നാം
ഇനി നാം തമ്മിൽ കണ്ടാലറിയുമോ?
നാളെയാം നദിതൻ ഗതിവിഗതിയാൽ
നീളെ ചാഞ്ഞുംചരിഞ്ഞു ചലിക്കുമ്പോൾ

എങ്കിലും മങ്ങാതെ നിൽക്കുമാ ഓർമ്മകൾ
മാനസം വിങ്ങുമീ "മണപ്പുറത്ത്"
തീ പിടിയ്ക്കില്ല ചിതലരിക്കില്ല
തീർത്തതാം താവക ചിന്താമേടകൾ

ഉൽഫുല്ല നയനനായ്, ഉൽകൃത ശിരസ്ക്കനായ്
ഉന്നമ്രവദനനായ്, ഉന്മേഷനായ്
ഉത്തരോത്തരമങ്ങുദിച്ച് നിൽക്കട്ടെയാ
ഉയരെനിൽക്കുമുഡുക്കളെപ്പോൽ

എളിയോരാം ഞങ്ങൾ ഓതുന്നു സാന്ത്വനം
നേരുന്നാത്മാവിനായിരം സുകൃതം
മണപ്പുറത്തിൻ തിരുമടിയിൽ കിടക്കും
മാടപ്പിറാവേ! നിനക്കു ശാന്തി
മാടപ്പിറാവേ, നിത്യശാന്തി!

മണപ്പുറം ലോനപ്പൻ

മൂന്നുപ്രാവശ്യമായി 9 നീണ്ടവർഷക്കാലം മണപ്പുറം ആശ്രമശ്രേഷ്ഠനായ് ഇരുന്നുകൊണ്ട് മണപ്പുറം നിവാസികൾക്കേവർക്കും ആദ്ധ്യാത്മിക നേതൃത്വം നൽകി നിത്യസമ്മാനത്തിനായി സ്വർഗ്ഗപിതാവിന്റെ ഭവനത്തിലേക്ക് യാത്ര പോയിരിക്കുന്ന ബഹുമാനപ്പെട്ട നിക്കോളാസ് അച്ചന്റെ ആത്മശാന്തിക്കായ് നമുക്ക് പ്രാർത്ഥിക്കാം.

– സിറിയക് അച്ചൻ.

Best compliments from

C.S.T. BROTHERS
C.S.T. MOTHER HOUSE
MOOKANNOR
ANGAMALY 683577
PH: (0484)452285

&

ORPHANAGE DEPOT
MOOKANNOR
BROADWAY
ERNAKULAM,PH:367867

കൊത്തുരൂപങ്ങൾ, ദേവാല ഉപകരണങ്ങൾ,
തിരുവസ്ത്രങ്ങൾ, തിരികൾ മുതലാവയെല്ലാം ഇവിടെ
നിന്നും ലഭിക്കുന്നതാണ്.

കാസ്യ, കുന്തിരിക്കം, അരുളിക്ക മുതലാവ പ്ലേറ്റ് ചെയ്ത്
കൊടുക്കുന്നതാണ്.

വിശുദ്ധ കൊച്ചുത്രേസ്യാ

(ജീവചരിത്രം)

ഫ്രാൻസിലുള്ള അലൻസോൺ പട്ടണത്തിലെ ആഭരണവ്യാപാരിയായിരുന്ന പിതാവ് ലൂയിസ് മാർട്ടിന്റെയും മാതാവ് സെലിഗ്വരിന്റെയും ഒൻപതാമത്തെ സന്താനമായി 1873 ജനുവരി 2 ാം തീയതി ചെറുപുഷ്പം എന്നറിയപ്പെടുന്ന വി. കൊച്ചുത്രേസ്യാ ഭൂജാതയായി. അവളുടെ പ്രിയപ്പെട്ട മാതാപിതാക്കളുടെയും സഹോദരികളുടെയും പരിലാളനങ്ങൾ ഏറ്റ് ദൈവസ്നേഹത്തിൽ വളർന്നുവന്നു. എന്നാൽ കൊച്ചുത്രേസ്യാക്ക് അഞ്ചുവയസ്സുള്ളപ്പോൾ അവളുടെ അമ്മച്ചി നിര്യാതയായി. ഈ സംഭവം സന്തോഷപ്രകൃതക്കാരിയായിരുന്ന കൊച്ചുത്രേസ്യായെ അത്യധികം ദു;ഖിപ്പിച്ചു.

കുട്ടികളുടെ വളർത്തലിൽ പ്രത്യേകതാല്പര്യം പ്രകടിപ്പിച്ചിരുന്ന മാർട്ടിൻ തന്റെ പ്രിയതമയുടെ മരണത്തിന് ശേഷം മാതൃസഹോദരന്റെയും ഭാര്യയുടെയും സഹായവും ഉപദേശവും തേടി, അലൻസോണിൽ നിന്ന് ലിസ്യൂ പട്ടണത്തിലേക്ക് താമസം മാറ്റി. കൊച്ചുറാണിയെ ചില അവസരങ്ങളിൽ വിദ്യയുടെ വെളിച്ചത്തിലേയ്ക്ക് നയിച്ചത് സഹോദരിമാരായിരുന്നു. കൊച്ചുറാണി ചെറുപ്പം മുതൽ തന്നെ ദൈവഭക്തിയിലും ദൈവസ്നേഹത്തിലും വളർന്നുവന്നു. ഒൻപതാമത്തെ വയസ്സിൽ ഉണ്ടായ കഠിനമായ രോഗത്തിൽ നിന്നും അവൾ രക്ഷപെട്ടു.

കൊച്ചുറാണിയുടെ ജീവിതത്തിലെ ഏറ്റവും സന്തോഷപ്രദമായ ദിനം എന്ന് വിശേഷിപ്പിച്ച ആദ്യകുർബാന സ്വീകരണം നടന്നത് 1884 മെയ് 8-ാം തീയതിയായിരുന്നു. അന്നുമുതൽ കർമ്മലമഠത്തിൽ പ്രവേശിക്കുവാനുള്ള അവളുടെ ആഗ്രഹം ശക്തി പ്പെട്ടുവന്നു. 1886-ലെ ക്രിസ്മസ് രാത്രിയിൽ ഉണ്ണീശോ അവളുടെ ഹൃദയത്തെ രൂപപ്പെടുത്തി. സന്തോഷവും സമാധാനവുംകൊണ്ട് അവളുടെ ഹൃദയം നിറഞ്ഞു. പാപികളുടെ മാനസാന്തരത്തിനായി കൂടുതൽ പ്രാർത്ഥിക്കുവാൻ തീരുമാനമെടുത്തു.

കർമ്മലമഠത്തിൽ ചേരുവാനുള്ള അവളുടെ ആഗ്രഹം 1887-ലെ പന്തക്കുസ്താ തിരുനാൾ ദിവസം അപ്പച്ചനെ അവൾ അറിയിച്ചു. വിഷമത്തോടെയാണെങ്കിലും മാർട്ടിന്റെ സമ്മതം കൊച്ചുറാണിക്ക് ലഭിച്ചു. കർമ്മലമഠത്തിൽ 21 വയസ്സ് തികയുന്നതിനു മുൻപ് സഭാപ്രവേശനം അനുവദിച്ചിരുന്നില്ല. പിതാവും മകളും കൂടി ബയോവ മെത്രാനച്ചനെ കണ്ട് സംസാരിച്ചെങ്കിലും അനു കൂലമായ മറുപടി കിട്ടിയില്ല. അതിനാൽ മാർപ്പാപ്പയെ കണ്ട് വിവരങ്ങൾ അറിയിക്കുവാൻ കൊച്ചുത്രേസ്യാ തീരുമാനിച്ചു. കുടുംബാംഗങ്ങളോടൊപ്പം തീർത്ഥയാത്രയായി റോമയ്ക്ക് പോവുകയും 13-ാം ലെയോ മാർപ്പാപ്പയെ കണ്ട് സംസാരിക്കുകയും ചെയ്തു. ഞാൻ ചെയ്യാനുള്ളതൊക്കെ ചെയ്തു, ഇനി ദൈവനിശ്ചയം പോലെ വരട്ടെയെന്നു പറഞ്ഞുകൊണ്ട് കൊച്ചുത്രേസ്യാ സമാധാനിച്ചു. ദൈവാനുഗ്രഹത്താൽ 1888 ഏപ്രിൽ 9-ാം തീയതി മംഗളവാർത്താ തിരുനാളിൽ കൊച്ചുത്രേസ്യാ കർമ്മല മഠത്തിൽ പ്രവേശിച്ചു. 1888 സെപ്തംബർ 24-ാം തീയതി കാരുണ്യമാതാവിന്റെ പിറന്നാൾ ദിവസം സഭാവസ്ത്രം സ്വീകരിച്ചു. പ്രായം കുറവായതിനാൽ 1890 സെപ്തംബർ 8നു മാത്രമാണ് പ്രഥമവ്രതവാഗ്ദാനം നടത്തുവാൻ സാധിച്ചത്.

ആത്മാക്കളെ രക്ഷിക്കുന്നതിനും പ്രത്യേകിച്ച് വൈദികർക്കുവേണ്ടി പ്രാർത്ഥിക്കുക എന്ന ലക്ഷ്യവുമായി മഠത്തിൽ പ്രവേശിച്ച അന്നുമുതൽ 1897-ലെ സെപ്തംബർ 30-ാം തീയതി മരണം പ്രാപിക്കുന്നതുവരെ പുണ്യവതിക്ക് ഒട്ടേറെ സഹനങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. സഹനത്തിനായി കൈവന്ന അവസരങ്ങളെ ദൈവസ്നേഹത്തിന്റെ അരൂപിയിൽ സ്വീകരിച്ച് പാപികളുടെ മാനസാന്തരത്തിനായി കാഴ്ചവെച്ചു. "എന്റെ ദൈവമേ ഞാൻ അങ്ങയെ സ്നേഹിക്കുന്നു" എന്ന് ഉച്ചരിച്ചുകൊണ്ട് അവൾ തന്റെ സ്വർഗ്ഗീയ അപ്പച്ചന്റെ നാട്ടിലേക്ക് യാത്രയായി.

1925 മെയ് 17-ന് 11-ാം പീയൂസ് മാർപ്പാപ്പ അവളെ വിശുദ്ധ എന്ന് പേർവിളിച്ചു. വത്തിക്കാനിലെ കൊട്ടാരത്തിലേക്ക് കടന്നാൽ വിശുദ്ധ ചെറുപുഷ്പത്തിന്റെ പ്രതിമ കാണാം. മാർപ്പാപ്പ അവിടെച്ചെന്ന് പ്രാർത്ഥിക്കുന്നു. അവിടെ എഴുതിവച്ചിരിക്കുന്ന വാചകം പ്രത്യേകം എടുത്തുപറയേണ്ടിയിരിക്കുന്നു - "വത്തിക്കാന്റെ രക്ഷാധികാരിയായി നിന്നെ ഇവിടെ വി. XI-ാം പീയൂസ് മാർപ്പാപ്പ സ്ഥാപിച്ചിരിക്കുന്നു".


ആധുനിക ലോകത്തിന്റെ ഏറ്റവും വലിയ വിശുദ്ധയെന്ന് പിതാക്കന്മാർപോലും സമ്മതിച്ചിരിക്കുന്ന വി.കൊച്ചുത്രേസ്യാ ലോകത്തിനു നൽകുന്ന സന്ദേശം സ്നേഹത്തിന്റെ സന്ദേശമാണ്. കൊച്ചുറാണിയുടെ 100-ാം ചരമവാർഷികമായ 1997-ൽ നമുക്ക് പ്രത്യേകമായി അവളുടെ ആദ്ധ്യാത്മികശൈശവത്വം എന്ന ലളിതമായ ഭക്തിമാർഗ്ഗത്തിലൂടെ സ്നേഹത്തിന്റെ റോസാ പുഷ്പങ്ങൾ പ്രദാനം ചെയ്തുകൊണ്ട് നമ്മുടെ പ്രത്യേക മദ്ധ്യസ്ഥയായ ചെറുപുഷ്പം വഴി നമുക്ക് ലഭിച്ച അനുഗ്രഹങ്ങൾക്ക് നന്ദി യുള്ളവരായിരിക്കാം. വിശുദ്ധയുടെ കുറുക്കുവഴിയിലൂടെ നടന്ന് സ്വർഗ്ഗിൽ എത്തിച്ചേരുവാൻ നമുക്ക് വിശുദ്ധയോട് പ്രാർത്ഥിക്കാം.

സുന്ദരിയും ശാലീനയുമായ ഒരു പെൺകുട്ടിയായിരുന്നു 'കൊച്ചുറാണി'. മനോഹരമായ പ്രകൃതിയും ഉദ്യാനത്തിലെ ചെടികളും വയലുകളും പുഷ്പങ്ങളും പുൽത്തകിടികളും പുഴകളും മലകളും പക്ഷികളുമെല്ലാം അവളെ പുളകം കൊള്ളിച്ചിട്ടുണ്ട്. മന്ദമാരുതന്റെ മർമ്മരവും മഞ്ഞിന്റെ വെൺമയും പ്രകൃതിയുടെ സംഗീതവും അവളിൽ കവിതയു ണർത്തി... പ്രകൃതിയിൽ നിറഞ്ഞുനിൽക്കുന്ന ദൈവത്തെ അവൾ അനുഭവിച്ചു.

ഒരായിരം ആശംസകൾ !!!

മാധവപ്പള്ളി കുടുംബം





ഫാ: ഔദീസോ സി.എം.ഐ.

പ്രാർത്ഥനയും
സാന്നിദ്ധ്യവും
സഹകരണവും വഴി
മണപ്പുറത്തിന്റെ രൂപവും ഭാവവും
മാറ്റിക്കുറിക്കുവാൻ പ്രോത്സാഹിപ്പിക്കുന്ന
റവ: ഔദീസോ അച്ചന് പൗരോഹിത്യ വജ്രജൂബിലിയുടെ
ഒരായിരം മംഗളങ്ങൾ നേരുന്നു.

Best compliments from

CHRIST THE KING MONASTERY
AND
LITTLE FLOWER NOVITIATE


KARUKUTTY,
Angamaly - 683576

With Best Compliments From :-

M.DHIRAJKUMAR & Co.
AVINISILKMILLS.

54/56 CAVEL CROSS LANE NO 1
RAMWADI
BOMBAY - 400 002

Ph : 2094516 - 3054840 - 7868757
G:- Avinis Bombay



SOLE SELLING AGENTS FOR KERALA:-

T.C. ANTONY & SONS KODAVELIL
MARKETING AGENTS & REPRESENTATIVES.
MANAPPURAM - CHERTHALA 688 558
PH : 532337

Best Compliments From:-

St. Mary of Leuca

English Medium School

Thycattussery

Phone : 532206

ആശംസകൾ !!!

ജോസ് ബ്രദേഴ്സ്

ബേക്കറി & കൂൾഹോം

പൂച്ചാക്കൽ

ടീ പാർട്ടികൾക്കാവശ്യമായ ബേക്കറി സാധനങ്ങൾ ഓർഡർ അനുസരിച്ച് കൊടുക്കപ്പെടും

എലൈറ്റ് ഉത്പന്നങ്ങളുടെ (ബ്രഡ്, കേക്ക്) പൂച്ചാക്കലിലെ അംഗീകൃത വ്യാപാരി

മണപ്പുറം – കർമ്മലമഠം

മണപ്പുറം – പ്രകൃതി സൗന്ദര്യം നിറഞ്ഞുനിൽക്കുന്ന ഒരു ഭൂപ്രദേശം! മന്ദമാരുതന്റെ മൗനഗീതത്തിനു തല യാട്ടി സമ്മതം മൂളുന്ന കേരവൃക്ഷങ്ങൾ! പച്ചപ്പട്ടുവിരിച്ച പാടശേഖരങ്ങളും കുന്നുകളും. മണപ്പുറം ആശ്രമത്തോടു ചേർന്നുനിൽക്കുന്ന ഞങ്ങളുടെ കൊച്ചുമഠം ആദ്ധ്യാത്മിക വിദ്യാഭ്യാസ ആതുരരംഗങ്ങളിൽ നിർണ്ണായക സ്വാധീനം ചെലുത്തിക്കൊണ്ട് ആ സൗന്ദര്യത്തിന് മാറ്റുകൂട്ടുന്നു.

ക്രൈസ്തവവിശ്വാസത്തിന് നൂറ്റാണ്ടുകളുടെ പഴക്കമുള്ള കേരളസഭയിൽ കൊവേന്തകളും കന്യകാമഠങ്ങളും ഉണ്ടാകാത്തതിൽ അതീവ ദു:ഖിതനായിരുന്ന ഞങ്ങളുടെ സഭാസ്ഥാപകനായ വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ അതേ ചൈതന്യം ഉൾക്കൊണ്ട് 'ഏറിയ നന്മകളുടെ വീഴ്ച' മനസ്സിലാക്കി പാലയ്ക്കൽ ബഹു. കുര്യച്ചനും മാടത്തിൽ ബഹു. കോസ്മോസച്ചനും കൂടി തങ്ങളുടെ ഈ വലിയ ആഗ്രഹം ദൈവതൃക്കരങ്ങളിൽ സമർപ്പിച്ചുകൊണ്ട് അന്നത്തെ ഞങ്ങളുടെ സഭാ പ്രൊവിൻഷ്യലായിരുന്ന ബഹു. മേരി വിസിറ്റേഷൻ അമ്മയെ അറിയിക്കുകയും അമ്മ അത് സ്വീകരിക്കുകയും ചെയ്തു.

തുടർന്ന് 1965-ൽ ആശ്രമം വക സ്കൂളിൽ 2 സിസ്റ്റേഴ്സിനു ജോലികൊടുത്തു. എന്നാൽ തന്റെ സ്വപ്നം സാക്ഷാത്ക്ക രിക്കുന്നതിനു മുമ്പുതന്നെ ബഹു. കുര്യച്ചൻ പരലോക പ്രാപ്തനായി. ബഹു. സഹോദരിമാർ തിരുനല്ലൂർ മഠത്തിൽ താമസിച്ചു കൊണ്ട് മണപ്പുറത്തു വന്നു പഠിപ്പിച്ചുകൊണ്ടിരുന്നു. അവർക്കു യാത്രയും മറ്റും വളരെ അസൗകര്യമായി വന്നപ്പോൾ കഴിയുന്നതും വേഗം ഇവിടെ മഠം പണി ആരംഭിക്കേണ്ടതായി വന്നു. അങ്ങനെ 1967-മെയ് 5-നു കൊവേന്തയുടെ തെക്കുഭാഗത്ത് അയ്യർ കേശവന്റെ പക്കൽനിന്നും 11.5 സെന്റ് സ്ഥലം വിലയ്ക്കുവാങ്ങി മഠം പണി ആരംഭിച്ചു.

1967-ൽ ഒക്ടോബർ 3-ാം തീയതി വി.കൊച്ചുത്രേസ്യായുടെ നാമത്തിൽ അന്നത്തെ പ്രിയോരായിരുന്ന ബഹു. ക്രിസാന്തുസച്ചൻ മഠത്തിന്റെ ശിലാസ്ഥാപനകർമ്മം നടത്തി. ബഹു. ഫാബിയൂസച്ചനും സന്നിഹിതനായിരുന്നു.

തിരുനല്ലൂർ മഠത്തിന്റെ ശ്രേഷ്ഠത്തിയായിരുന്ന ബഹു. ഫെലിച്ചിത്താസാമ്മയുടെ പ്രത്യേക പരിശ്രമത്താലും വാരിയം പറമ്പിൽ പാപ്പച്ചന്റെ മേൽനോട്ടത്തിലും അന്നത്തെ പ്രൊവിൻഷ്യൽ ബഹു. മേരി വിസിറ്റേഷൻ അമ്മയുടെ കാരുണ്യത്താലും 7 മാസം കൊണ്ട് മഠത്തിന്റെ പണിപൂർത്തിയായി. അങ്ങനെ 1968 മെയ് 31-ാം തീയതി 3 p.m.നു പള്ളിപ്പുറം ഫെറോനാ വികാരിയായിരുന്ന പോട്ടേൽ ബഹു. ഐസക്കച്ചന്റെ പ്രധാന കാർമ്മികത്വത്തിൽ വെഞ്ചരിപ്പു കർമ്മം നടത്തി. താമസം ആരംഭിച്ചു. ആദ്യ അംഗങ്ങളായി ശ്രേഷ്ഠ ബഹു. അനസ്താസിയ, സി.പീറ്റർ ക്ലേവർ, സി. ക്രൂസിഫിക്സ, സി.ഹെഡ്വീഗ് എന്നിവരെയും ആശ്രമ ജോലിയ്ക്കായി പള്ളിപ്പുറത്തു കൈമാട്ടുചിറ മാത്തൻ മകൾ ത്രേസ്യാമ്മയേയും നിയമിച്ചു. അങ്ങനെ പ്രാർത്ഥനാ നിർഭരമായ ജീവിതം നയിച്ചുകൊണ്ട് ആദ്യ അംഗങ്ങൾ ഇവിടെ പ്രവർത്തനം ആരംഭിച്ചു.

ദൈവത്തിന്റെ സവിശേഷമായ പരിപാലനയുടെ തണലിൽ ആന്തരീകമായും ബാഹ്യമായും പുരോഗമനം നേടിക്കൊണ്ടിരിക്കെ മഠത്തിന്റെ സ്ഥാപകയായ ബഹു. ഫെലിച്ചിത്താസമ്മ 1971 ജനുവരി 11-നു മുട്ടം മഠത്തിൽ വച്ച് പരലോക പ്രാപ്തയായി. 1971 മാർച്ച് 10-ാം തീയതി ബഹു. പ്രിയോരച്ചൻ മഠത്തിൽ വന്ന് കൊവേന്തയിൽനിന്നും പണികഴിപ്പിച്ചുകൊണ്ടിരുന്ന ആശുപത്രിക്കെട്ടിടം പണിതീരാറായി എന്നും അവിടെ ജോലിചെയ്യാൻ 2 സിസ്റ്റേഴ്സിനെ ആവശ്യമാണെന്നും അറിയിച്ചു. അതനുസരിച്ച് ജൂൺ 11-നു സി.ഹോട്ടൻസും സി. കർമ്മലയും ഇവിടെയെത്തി. 1971 ജൂൺ 20-നും ക്രിസ്തുപാൽ ആശുപത്രിയുടെ ആശിർവ്വാദകർമ്മം നടന്നു.

വാഴ്ത്തപ്പെട്ട ചാവറപ്പിതാവിന്റെ വാക്കുകളായ 'ഈശോമിശിഹായുടെ ഓർമ്മ' ഹൃദയത്തിൽ സൂക്ഷിച്ചുകൊണ്ട് വിദ്യാഭ്യാസം, ആതുരശുശ്രൂഷ എന്നീ പ്രേഷിതപ്രവർത്തനങ്ങൾ ബഹു. സഹോദരിമാർ ചെയ്തു തുടങ്ങി. പിന്നീട് ബഹു. മാക്കോതകാട്ട അച്ചന്റെയും പ്രൊവൻഷ്യൽ ബഹു. ബറോമിയ അമ്മയുടെയും നേതൃത്വത്തിൽ 1975-ൽ ഓഗസ്റ്റ് 23-നു മഠത്തിന്റെ രണ്ടാം നിലയുടെ പണി തുടങ്ങി. 1976 മാർച്ച് 20-നു ബഹു. നിക്ലാവൂസച്ചന്റെ പ്രഥാന കാർമ്മികത്വത്തിൽ വെഞ്ചരിപ്പു കർമ്മം നിർവ്വഹിച്ചു. ബഹു. തോമസ് കാളാംപറമ്പിലച്ചൻ പ്രിയോരായിരുന്ന കാലത്ത് ഈ മഠത്തിൽ 13 മണി ആരാധന ആരംഭിച്ചു. വി. കൊച്ചുത്രേസ്യായുടെ നാമത്തിലുള്ള ഭവനമായതിനാൽ തിരുനാളിനടുത്തുള്ള ശനിയാഴ്ച 13 മണി ആരാധനാ ദിനമായി ആചരിക്കുന്നു.

1976-ൽ ഒക്ടോബർ 30-ാം തീയതി ആശ്രമം വകയായി പണികഴിപ്പിച്ച നേഴ്സറി സ്ക്കൂൾ ഫാ. ജോസ് മാടശ്ശേരി ഉദ്ഘാടനം ചെയ്തു. പ്രഥമ അദ്ധ്യാപികയായി ഞങ്ങളുടെ സി. റിറ്റിയെ നിയമിക്കുകയും ചെയ്തു. അന്നുമുതൽ ഇന്നുവരെ നേഴ്സറി സ്ക്കൂൾ ഞങ്ങളുടെ സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ നടന്നുകൊണ്ടിരിക്കുന്നു.

1992 ഏപ്രിൽ മാസത്തിൽ ചില സാങ്കേതിക കാരണങ്ങളാൽ ആതുര ശുശ്രൂഷ നിർത്തിവെച്ചു. പള്ളിപ്പുറം ക്ലാര സിസ്റ്റേഴ്സ് അതേറ്റെടുക്കുകയും ചെയ്തു.

ജൂബിലി ആശംസകൾ



ഓസ്സാനാം ഫോട്ടോസ്റ്റാറ്റ് സെൻറർ

SVP ടെലിഫോൺ ബൂത്ത്, പൂച്ചാക്കൽ

Best Wishes:-

KAIRALI GRANITES

N.H. BYE PASS

VYTILLA, Kochi 682019

Ph. 304102(0ff) 301195 (res) fax. 0484 304102

301470 (off) 302837 (res).

1993-ൽ മാർച്ച് 19-ന് ബഹു. പ്രിയോരച്ചൻ നിക്ലാവൂസച്ചൻ പുതിയ മഠത്തിന്റെ ശിലാസ്ഥാപനം നടത്തി. മദർ ആൻ മരിയ, സി. റാണി മരിയ എന്നിവരുടെ നേതൃത്വത്തിൽ പണി ആരംഭിച്ചു. 1994 മെയ് 30-ാം തീയതി സീറോ മലബാർ സഭയുടെ പൊന്തിഫിക്കൽ ഡലക്കേറ്റ് പെരി. ബഹു. മാർ എബ്രഹാം കാട്ടുമന തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിലും ബഹു. നിക്ലാവൂസച്ചന്റേയും പ്രൊവിൻഷ്യൽ സി. എഫ്രേമിന്റേയും സാന്നിദ്ധ്യത്തിലും പുതിയ മഠത്തിന്റെ വെഞ്ചരിപ്പു കർമ്മം നിർവ്വഹിച്ചു.

ആശുപത്രി പ്രവർത്തനം ക്ലാരാ സിസ്റ്റേഴ്സ് നിർത്തിയതിനെത്തുടർന്ന് സി.എം.ഐ. വൈദികരുടെയും നാട്ടുകാരുടെയും ആഗ്രഹപ്രകാരം 1994 നവംബർ 30-ാം തീയതി ക്രിസ്താപാൽ ആശുപത്രി വി. യൗസേപ്പിതാവിന്റെ നാമത്തിൽ വീണ്ടും സി.എം.സി. വിമലാ പ്രോവിൻസ് ഏറ്റെടുത്തു. സി. ജർമയിനേയും, സി. എമ്മയേയും ആശുപത്രി ജോലിക്കായി നിയമിച്ചു. ഇപ്പോൾ 2 ഡോക്ടേഴ്സും സ്റ്റാഫംഗങ്ങൾ 8 പേരും ഉൾപ്പെടെ പ്രവർത്തിച്ചുവരുന്നു.

30 വർഷങ്ങൾ പിന്നിട്ട ഞങ്ങളുടെ മഠത്തെ, കാലാകാലങ്ങളിൽ നയിച്ചുകൊണ്ടിരുന്ന ശ്രേഷ്ഠത്തിമാരെയും, ആത്മീയവും സാമ്പത്തികവും ശാരീരികവുമായ തലങ്ങളിൽ സഹായിച്ചതും സഹായിച്ചുകൊണ്ടിരിക്കുന്നതുമായ സി.എം.ഐ. വൈദികരേയും, നാട്ടുകാരായ ഓരോ ഉപകാരികളെയും നന്ദിയോടെ അനുസ്മരിക്കുന്നു.

കർമ്മലയുടെ പൈതൃകമായ പ്രാർത്ഥനാ ചൈതന്യവും പ്രേഷിതമനോഭാവവും പുലർത്തിക്കൊണ്ട്, കുഞ്ഞുങ്ങളെ നല്ല ക്രൈസ്തവമക്കളാക്കുവാനുള്ള ലക്ഷ്യത്തോടെ, സി.എം.സി. സർവ്വപ്രധാനമായി ഏറ്റെടുത്തിരിക്കുന്ന അദ്ധ്യാപന വൃത്തിയിലും മനുഷ്യ മഹാകുടുംബത്തിലെ വേദനയനുഭവിക്കുന്ന മക്കളെ ശുശ്രൂഷിക്കുവാനും സാന്ത്വനമേകുവാനുമായി ആതുരസേവന രംഗത്തും കാലത്തിന്റെ ആവശ്യങ്ങളും അടയാളങ്ങളും കണക്കിലെടുത്ത് കുടുംബനവീകരണത്തിലും ഭക്തസംഘടനകളുടെ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകിക്കൊണ്ട് ആരോഗ്യമോ, പ്രായമോ, പരിഗണിക്കാതെ ഞങ്ങളെല്ലാവരും ഒത്തൊരുമിച്ച് സ്നേഹത്തോടെ, ഈശോമിശിഹായ്ക്ക് സ്തുതിയും സന്തോഷവും നൽകി ഇവിടെ സേവനമുഷ്ഠിക്കുന്നു.

ഇപ്പോഴത്തെ അംഗങ്ങൾ :- മഠത്തിന്റെ കപ്ലോൻ - റവ.ഫാ. സിറിയക് മുരിക്കൻ സി.എം.ഐ.

സുപ്പീരിയർ :	സി. അമല ജോർജ്	സി. ജൂഡ്
	സി. സിലീനിയ	സി. സ്റ്റാൻലി
	സി. ജർമെയിൻ	സി. ആൻ മരിയ
	സി. നസാറിയ	സി. ലിസാ കുര്യൻ
	സി. ആനി വർഗ്ഗീസ്	സി. ലിനി മരിയ

സുപ്പീരിയർ സി. അമല ജോർജ്

ഗാന്ധിജി സംസാരിക്കുന്നു :

പ്രാർത്ഥന കൂടാതെ ഒരുനിമിഷം പോലും കഴിയുക സാദ്ധ്യമല്ല

പ്രാർത്ഥന മനുഷ്യജീവിതത്തിന്റെ കാതലാണ്. പ്രാർത്ഥന ഒന്നുകിൽ ഒരു അപേക്ഷയാകാം; കുറേക്കൂടെ വ്യാപകമായ അർത്ഥത്തിൽ ഈശ്വരനുമായുള്ള ആന്തരമായ ഒരു ഒന്നുചേരലുമാകാം. ഏതായാലും അന്ത്യഫലം ഒന്നുതന്നെ. അത് അപേക്ഷയുടെ രൂപത്തിലായാൽ ആത്മാവിനെ വെടിപ്പാക്കുകയും, ശുദ്ധീകരിക്കുകയും ചെയ്യുന്നു. ആത്മാവിനെ പൊതിയുന്ന അജ്ഞതയിൽ നിന്നും അന്ധകാരത്തിൽ നിന്നും അതിനെ മോചിപ്പിക്കുന്നു. അതുകൊണ്ടു തന്റെയുള്ളിൽ ഈശ്വരാനുഗ്രഹം ജ്വലിച്ചുയരണമെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നവർ പ്രാർത്ഥനയെത്തന്നെ ശരണം ഗമിക്കണം. പദങ്ങൾ വെറുതെ ആവർത്തിച്ച് ഉച്ചരിക്കുകയോ, ഉച്ചരിക്കുന്നതു വെറുതേ കേൾക്കുകയോ ചെയ്യുന്നതല്ല പ്രാർത്ഥന. അർത്ഥശൂന്യമായ ഏതെങ്കിലുമൊരു സൂത്രത്തെ വെറുതെ ആവർത്തിക്കുന്നതുമല്ല അത്. രാമനാമം എത്ര തവണ ആവർത്തിച്ചാലും അത് ആത്മാവിനെ തട്ടിയുണർത്തുന്നില്ല എങ്കിൽ യാതൊരു ഫലവുമില്ല. പ്രാർത്ഥനയിൽ ഹൃദയമില്ലാതെ വാക്കുകൾ ഉണ്ടായിരിക്കുന്നതിനേക്കാൾ നല്ലത് വാക്കുകളില്ലാതെ ഹൃദയമുണ്ടായിരിക്കുകയാണ്. വിശപ്പുള്ള മനുഷ്യന് ആഹാരം എത്രകണ്ടു ഹൃദ്യമായിരിക്കുന്നുവോ അത്രകണ്ട് ഹൃദ്യമായിരിക്കും, ദാഹിക്കുന്ന ഒരാത്മാവിനു ഹൃദയത്തിനിന്നുയർന്നു പൊങ്ങുന്ന പ്രാർത്ഥന. പ്രാർത്ഥനയുടെ യഥാർത്ഥ ശക്തി രുചിച്ചറിഞ്ഞ ഒരാൾക്ക് വളരെനാൾ ഭക്ഷണം കൂടാതെ ജീവിക്കുവാൻ സാധിച്ചുവെന്നുവരും; പക്ഷെ പ്രാർത്ഥന കൂടാതെ ഒരൊറ്റനിമിഷം പോലും കഴിച്ചുകൂട്ടാനൊക്കുകയില്ല. എന്തുകൊണ്ടെന്നാൽ പ്രാർത്ഥന കൂടാതെ ആന്തരമായ സമാധാനം ഉണ്ടാവുകയില്ല. എന്റേയും എന്റെ സുഹൃത്തുക്കളുടെയും അനുഭവമാണിത്.

Best Compliments from:-

VISWA JYOTHI PUBLIC SCHOOL(Estd 1991)

Vengoor,Angamali, 683572

Ph. (0484) 453444

നമുക്കും പൂക്കൾ വിതറാം

തന്റെ സ്നേഹം യേശുനാഥനെ ബോദ്ധ്യപ്പെടുത്തുവാൻ പുഷ്പങ്ങളുടെ വിതറലല്ലാതെ മറ്റുമാർഗ്ഗമെന്നും ഇല്ലായെന്നു പറഞ്ഞ കൊച്ചുത്രേസ്യ എന്താണ് ഈ പൂവിതറൽ എന്ന് വ്യക്തമാക്കുന്നുണ്ട്.

1. *എത്ര നിസ്സാരമായ സഹനവും നഷ്ടമായിപോകാൻ അനുവദിക്കാതിരിക്കുക.*
2. *ഏറ്റവും നിസ്സാരമായ സംഗതികൾ പോലും പ്രയോജനപ്പെടുത്തുക.*
3. *എല്ലാം സ്നേഹത്തെ പ്രതി ചെയ്യുക.*
4. *കാണുന്ന പൂക്കളിൽ ഒന്നെങ്കിലും പറിച്ച് അവിടുത്തേയ്ക്ക് സമർപ്പിക്കുക.*
5. *മുള്ളുകൾക്കിടയിൽ നിന്ന് പൂക്കൾ പറിച്ചെടുക്കുമ്പോൾ കുഞ്ഞ് ഹൃദയത്തിന്റെ സ്നേഹഗാനം അവിടുത്തെ പ്രസാദിപ്പിക്കുന്നതിന് ആലപിക്കുക.*
6. *സ്നേഹത്തിന്റെ ഏറ്റവും ലഘുവായ ഒരു പ്രകരണം മറ്റെല്ലാ സത്പ്രവർത്തികളുടെ ആകെത്തുകയേക്കാൾ പ്രയോജനകരമായതുകൊണ്ട് സ്നേഹപ്രകരണങ്ങളാണ് ദൈവഹൃദയത്തെ പുളകിതമാക്കുക.*

ഇങ്ങനെ ആദ്ധ്യാത്മിക ശിശുത്വത്തിലൂടെ കൊച്ചുത്രേസ്യ പിതാവായ ദൈവത്തിന്റെ കരങ്ങളിൽ ഭദ്രമായി ഉറങ്ങുന്ന ഒരു ശിശുവിനെപ്പോലെ ആയിത്തീർന്നു. ഒരു ശിശുവിന്റെ ഏറ്റവും വലിയ മഹിമ എന്നു പറയുന്നത് അവന്റെ പിതാവിന്റെ കരങ്ങളിൽ ആയിരിക്കുക എന്നതാണ്. ഞാനൊരു ശിശുവായിരിക്കുകയാണ് എന്റെ ഏറ്റവും വലിയ സമാധാനം എന്നുപറഞ്ഞ കൊച്ചുത്രേസ്യ യഥാർത്ഥ്യ മഹിമയുടെ രഹസ്യം ഗ്രഹിച്ചിരുന്നു. തീരെ ചെറുതായിക്കൊണ്ട് ആദ്ധ്യാത്മിക ശിശുത്വത്തിലൂടെ നമുക്ക് ദൈവകരങ്ങളിൽ ആയിരിക്കുകയും അതിൽ നമ്മുടെ സ്വസ്ഥത അനുഭവിക്കുകയും ചെയ്യാം.

പ്രാർത്ഥന

നല്ലവനായ ദൈവമേ, ഒരു ശിശുവിനെപ്പോലെ
അങ്ങയോട് പറ്റിച്ചേർന്നിരിക്കുവാൻ
ഞങ്ങളെ അനുഗ്രഹിക്കണമെ!
അവിരാമവും സ്നേഹനിർഭരവുമായ പൂവിതറിലിലൂടെ
ഞങ്ങളുടെ സ്നേഹം പ്രകടിപ്പിക്കുവാൻ
ഞങ്ങളെ സഹായിക്കണമെ!!

With Best Compliments from:-

HEADMASTER,
STAFF
and
STUDENTS

RAJAGIRI HIGH SCHOOL KALAMASSERY

മതബോധനം

മണപ്പുറം നിവാസികളുടെ ആത്മീയാഭിവൃദ്ധിയ്ക്കുവേണ്ടി ആശ്രമത്തിന്റെ ആരംഭം മുതൽ മതപഠനത്തിന് മുൻതൂക്കം നൽകി വരുന്നു. പഴയതലമുറയിൽ നിന്നും വിശ്വാസദീപം ഏറ്റുവാങ്ങികൊണ്ട് മതബോധനരംഗം ഇന്ന്, "ജൂബിലി ആചരണം ജീവിത നവീകരണത്തിന്" എന്ന ലക്ഷ്യവുമായി മുന്നോട്ട് പോകുന്നു.

ഡിപ്ലോമാ കോഴ്സടക്കം 12 ക്ലാസുകളിലായി 250-ഓളം വിദ്യാർത്ഥികളും 16 അദ്ധ്യാപകരും മതബോധന രംഗത്ത് പ്രവർത്തിക്കുന്നു. പള്ളിപ്പുറം, തൈയ്ക്കാട്ടുശ്ശേരി, ചെമ്പ് എന്നീ ഇടവകകളിൽ നിന്നുള്ള കുട്ടികൾക്ക് ക്രിസ്തുവിന്റെ സ്നേഹം പകർന്നുകൊടുക്കുവാൻ സാധിക്കുന്നുണ്ട്. അതിരൂപതാ തലത്തിലും, ഫെറോനാ തലത്തിലും പ്രത്യേക ശ്രദ്ധാപാത്രമാകുവാൻ നമ്മുടെ യൂണിറ്റിന് പലപ്പോഴും സാധിച്ചിട്ടുണ്ട്.

എല്ലാ ഞായാറാഴ്ചയും രാവിലെ 9.30 യുടെ ദിവ്യബലിയോടുകൂടി മതബോധനം ആരംഭിക്കുന്നു. കുട്ടികളെ 4 ഗ്രൂപ്പുകളായി തിരിച്ചിരിക്കുന്നത് ദിവ്യബലി സജീവമാക്കുന്നതിന് വളരെയേറെ സഹായിച്ചിരിക്കുന്നു.


മതബോധനരംഗം സജീവമാക്കുന്നതിന് ആശ്രമശ്രേഷ്ഠൻ റവ.ഫാ. സിറിയക് മുരിക്കന്റെ ആത്മീയനേതൃത്വം വളരെ ശ്രദ്ധേയമാണ്. അദ്ധ്യാപനരംഗത്ത് എൽ. എഫ് കോൺവെന്റിലെ ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന്റെ സേവനം എടുത്തുപറയത്തക്കതണ്. കൂടാതെ അദ്ധ്യാപനരംഗത്തെ പരിചയസമ്പന്നരായ ശ്രീ. റ്റി.എസ്. ചാണ്ടി, ശ്രീ.എം.ജെ.പോൾ എന്നിവരുടെ ഇപ്പോഴുമുള്ള സേവനം, മതബോധനരംഗത്തേയ്ക്ക് കടന്നുവരുവാൻ ആത്മായർക്ക് പ്രചോദനം നൽകുന്നതാണ്.

മതബോധനരംഗത്ത് ഈ വർഷത്തെ പ്രധാന അദ്ധ്യാപനായ ശ്രീ. ആന്റണി വർഗ്ഗീസ് കുഴിവേലിയുടെ നേതൃത്വത്തിൽ ഒരുപറ്റം യുവതീയുവാക്കന്മാർ നിസ്വാർത്ഥമായി സേവനം ചെയ്യുന്നു എന്നത് ഈ യൂണിറ്റിന്റെ സവിശേഷതയാണ്. കൂടാതെ ഡിപ്ലോമാ കോഴ്സ് കാര്യക്ഷമമാക്കുന്നതിന് പ്രത്യേകമായി നിയമിതനായിരിക്കുന്ന ബ്രദർ ജോൺസൺ അരീയ്ക്കൽ സി.എം.ഐ. യുടെ സേവനം ഈ വർഷത്തെ പ്രത്യേകതയാണ്.

ഈ വർഷത്തെ മതാദ്ധ്യാപകർ

1. റവ. ഫാ. സിറിയക് മുരിയ്ക്കൻ (ഡയറക്ടർ)
2. ശ്രീ. ആന്റണി വർഗ്ഗീസ്, കുഴിവേലിൽ (ഹെഡ് മാസ്റ്റർ)
3. സി. ലിനി മരിയ സി.എം.സി. (സെക്രട്ടറി)
4. ബ്രദർ ജോൺസൺ, അരീയക്കൽ, സി.എം.ഐ
5. റവ. സി. ആൻ മരിയ, സി.എം.സി.
6. റവ. സി. അമല ജോർജ്ജ്, സി.എം.സി.
7. റവ. സി. സിലീനിയ, സി.എം.സി.
8. റവ. സി. ജൂഡ്, സി.എം.സി.
9. ശ്രീ. റ്റി.എസ്. ചാണ്ടി, കർമ്മലഭവനം.
10. ശ്രീ. എം.ജെ. പോൾ, ഗ്രേസ് വില്ല.
11. ശ്രീ. കുഞ്ഞുമോൻ. പി.ജെ. പുന്നയ്ക്കാത്തറ.
12. ശ്രീ. എം.എക്സ്. ജോർജ്ജുകുട്ടി, മംഗലശ്ശേരി.
13. ശ്രീ. ജെയ്മോൻ ജോർജ്ജ്, കോടവേലിൽ.
14. ശ്രീമതി. വൽസമ്മ കെ.എ., കോളുത്തറ.
15. ശ്രീമതി. റാണി ജോസഫ്, ഉള്ളാടത്തറ.
16. ശ്രീമതി. നൈജി തോമസ്, കേളംപറമ്പിൽ.

പ്രധാനാദ്ധ്യാപകൻ
ആന്റണി വർഗ്ഗീസ് കുഴുവേലിൽ.



Best compliments from



WELL WISHER

Best compliments from :-



Little Flower Generalate

Thrikkakkara

Kochi 682 021

Phone (0484) 425226

The Fabulous Fashion!




Ranging from Rs / 135 -- 1000

Marketed by - ADM
POOCHAKKAL
(Near Jeseena Theatre)


ഗൃഹോപകരണങ്ങളുടെ
കമനീയ കലവറ

ഫാബ് ഹോം

പൂച്ചാക്കൽ



ഫ്രിഡ്ജ്, മിക്സി, ടി.വി.,
വി.സി.ആർ., ഫാൻ, സ്റ്റീൽ
ഫർണിച്ചർ തുടങ്ങിയ
ഗൃഹോപകരണങ്ങൾ
ലഭ്യമാക്കുന്നു.



C. L. C.

ആയിരത്തിതൊള്ളായിരത്തി നാൽപതുകളുടെ അവസാനം ഭാരതത്തെ സംബന്ധിച്ചിടത്തോളം നിർണ്ണായകമായിരുന്നു. രാജ്യം സ്വാതന്ത്ര്യത്തിന്റെ പൊൻപുലരിയിലേയ്ക്ക് ഉണരുന്നു. ഇങ്ങേയറ്റത്ത് മലയാളക്കരയിലും സ്വാതന്ത്ര്യത്തിന്റെ ഉണർവ് നിറഞ്ഞുനിൽക്കുമ്പോൾ വേമ്പനാട്ട് കായലിന്റെ ഓരത്ത് തെങ്ങോലകൾ വന്ദനം പറയുന്ന ഒരു ദേശത്തേയ്ക്ക് ലോകം മുഴുവൻ പന്തലിച്ചുനിൽക്കുന്ന ഒരു ആഗോള സംഘടനയുടെ ശാഖ പടർന്നു കയറി–കൊച്ചുമണപ്പുറത്ത് സൊഡാലിറ്റി സ്ഥാപിതമായി.

അഞ്ചു പതിറ്റാണ്ടുകൾക്കുശേഷവും മണപ്പുറത്ത് സൊഡാലിറ്റി ഊർജ്ജസ്വലമായിത്തന്നെ പ്രവർത്തിക്കുന്നു. അംഗങ്ങൾക്ക് ആജീവനാന്തം അംഗത്വം നൽകുന്ന സൊഡാലിറ്റിയിൽ അംഗങ്ങൾ അല്ലാത്തവർ മണപ്പുറത്ത് വളരെ കുറവ്. മണപ്പുറം നിവാസികൾക്ക് ഓരോരുത്തർക്കുമുണ്ടാകും തങ്ങൾ സൊഡാലിറ്റിയിൽ പ്രവർത്തിച്ചതിന്റെ കഥകൾ പറയാൻ.

1563–ൽ റോമിലെ ഈശോസഭാവൈദികരുടെ കോളേജിൽ ബെൽജിയൻ കാരനായ ജോൺലേനീസ് ആണ് സൊഡാലിറ്റി സ്ഥാപിച്ചത്. സഭയുടെ പ്രവർത്തനങ്ങൾക്ക് നവോന്മേഷം നൽകുകയെന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. 1644–ൽ സൊഡാലിറ്റി കേരളത്തിൽ സ്ഥാപിതമായി. നൂറ്റാണ്ടുകൾക്ക്ശേഷം മണപ്പുറത്ത് സൊഡാലിറ്റി ആരംഭിച്ചത് മലയാള പത്രപ്രവർത്തനരംഗത്തെ അതികായനായിരുന്ന അന്തരിച്ച ഫാദർ കൊളംബിയർ ആയിരുന്നു. കൊളംബിയറിനു ശേഷം ഫാദർ സാൽവദോർ സൊഡാലിറ്റിയെ നയിച്ചു. മണപ്പുറത്ത് സൊഡാലിറ്റിയുടെ ആദ്യ ഫ്രീഫെക്റ്റ് അന്തരിച്ച നടുവത്തേടത്ത് സേവ്യർസാറായിരുന്നു.

C.M.I. ആശ്രമത്തിലെ സന്യസ്തരുടെ പരിലാളനങ്ങളേറ്റ് സൊഡാലിറ്റി വളരുകയായിരുന്നു. 'മറിയം വഴി ഈശോയിലേയ്ക്ക്' എന്ന സൂക്തം മനസ്സിലുറപ്പിച്ച് പ്രാർഥനയുടേയും പഠനത്തിന്റെയും പ്രവർത്തനത്തിന്റേയും പാതയിലൂടെ അവർ മുന്നോട്ട് പോകുന്നു. പരിശുദ്ധമാതാവിന്റെ തിരുരൂപത്തിനുമുന്നിൽ എല്ലാആഴ്ചയും സൊഡാലിറ്റി ഒപ്പീസ് ചൊല്ലുക, പരിശുദ്ധ കുർബാനയിൽ സജീവമായി പങ്കാളിത്തം വഹിക്കുക, എല്ലാമാസവും ഒരുമിച്ചുചേർന്ന് തങ്ങളുടെ പ്രവർത്തനങ്ങളെ വിലയിരുത്തുക സമൂഹത്തിൽ തങ്ങളുടെ സഹായമാവശ്യമായവരെ കഴിവിനൊത്ത് സഹായിക്കുക തുടങ്ങിയ കാര്യങ്ങൾ സൊഡാലിറ്റി അംഗങ്ങൾ വർഷങ്ങളായി അനുഷ്ടിച്ചുപോരുന്നു.

മണപ്പുറം സൊഡാലിറ്റിയെ സംബന്ധിച്ചിടത്തോളം സൊഡാലിറ്റിയുടെ പ്രവർത്തനങ്ങൾക്ക് നിരന്തരമായ സഹായവും നേതൃത്വവും നൽകുന്ന മണപ്പുറം C.M.C. മഠത്തിലെ സിസ്റ്റേഴ്സിനെ നന്ദിയോടെ മാത്രമേ സ്മരിക്കാൻ കഴിയൂ. സൊഡാലിറ്റിയുടെ മോഡറേറ്റർമാരായി അവരുടെ നിസ്തുലമായ സേവനം എടുത്തുപറയത്തക്കതാണ്. മഠം മണപ്പുറത്ത് സ്ഥാപിച്ചതുമുതൽ ഇവിടുത്തെ യുവതി–യുവാക്കളുടെ ആദ്ധ്യാത്മിക വളർച്ചക്ക് ബഹു. സിസ്റ്റേഴ്സ് അവരുടേതായ രീതിയിൽ സഹായിക്കുന്നു.

അര നൂറ്റാണ്ട് പിന്നിടുമ്പോൾ സൊഡാലിറ്റിയുടെ ചരിത്രത്തിൽ സ്വർണ്ണതിളക്കമുള്ള അഭിമാനത്തിന്റെ വർഷങ്ങൾ കാണാം. ആതിരുപതയിലെ ഏറ്റവും നല്ല യൂണിറ്റായി തിരഞ്ഞെടുക്കപ്പെട്ടതും, ഫൊറോന സൊഡാലിറ്റിയെ നയിക്കുവാൻ മണപ്പുറത്തുനിന്നും പലപ്രാവശ്യം അംഗങ്ങൾ തിരഞ്ഞെടുക്കപ്പെട്ടതും കലാമത്സരങ്ങളിൽ തുടർച്ചയായി പള്ളിപ്പുറം ഫൊറോനയിൽ നിന്ന് സമ്മാനങ്ങൾ വാരിക്കൂട്ടിയതുമെല്ലാം അവയിൽ ചിലതുമാത്രം.

Best compliments from : -

FR. PRIOR & COMMUNITY

St.Antony's Monastery

Aluva
Ernakulam 683101
Ph: (0484)623140

ക്രിസ്തു ജയന്തി–2000 ആഘോഷിക്കുവാൻ ഒരുങ്ങുന്ന യുവജനങ്ങൾക്ക് സൊഡാലിറ്റി നൽകുന്ന സന്ദേശം സൊഡാലിറ്റി നവയുഗസൃഷ്ടിക്ക് എന്നാണ്. പ്രാർത്ഥനാത്മകവും കർമോന്മുഖവുമായ ജീവിതം നയിച്ച് ആത്മ വിശുദ്ധീകരണത്തിലൂടെ സഭയോടൊത്ത് ചിന്തിക്കുവാനും പ്രവർത്തിക്കുവാനും ജീവിതത്തിന്റെ എല്ലാതുറകളിലും ക്രിസ്തുവിന് സാക്ഷ്യം നൽകുവാനും സൊഡാലിറ്റി ആഹ്വാനം ചെയ്യുന്നു. തന്നിൽ നിക്ഷിപ്തമായ ഗൗരവമേറിയ ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് മറിയത്തെ സ്വന്തം അമ്മയായി സ്വീകരിച്ച് ആദ്ധ്യാത്മീകതയുടെ ഉദാത്തതയിലേയ്ക്ക് വളരുവാൻ മണപ്പുറത്തിന്റെ മദ്ധ്യസ്ഥ വി. കൊച്ചുത്രേസ്യാ നമ്മുടെ മനസിൽ നന്മയുടെ റോസാപുഷ്പ്പങ്ങൾ വിരിയിക്കട്ടെ.

1996–97 പ്രവർത്തന വർഷം ബഹുമാനപ്പെട്ട പ്രീയോർ സിറിയക്ക് മുരിക്കനച്ചന്റെ ശക്തമായ നേതൃത്വത്താൽ അനുഗ്രഹീതമാണ് ബഹു. സി. ആൻമരിയ C.M.C., സിസ്റ്റർ സെലിനിയ C.M.C. ഞങ്ങളെ എല്ലാകാര്യങ്ങളിലും നയിക്കുകയും സഹായിക്കുകയും ചെയ്യുന്നു. ജെയ്മോൻ ജോർജ് കോടവേലിൽ പ്രസിഡൻറായും റോയി ജോസഫ് ആലുങ്കൽ സെക്രട്ടറിയായും പ്രവർത്തിക്കുന്നു. ആൻറണി വർഗീസ് (രാജു) കുഴുവേലിൽ ട്രഷറർ ആണ്. ടെസ്സി ജോസഫ് വൈസ് പ്രസിഡൻറും റോസിലി പോൾ ജോ. സെക്രട്ടറിയുമായി പ്രവർത്തിക്കുന്നു. റോബിൻ. പി. കെ. പതിയാമൂലയിൽ, ജോൺ വി. എ. വേലിക്കകത്ത് എക്സിക്യൂട്ടീവ് മെമ്പറൻമാരുമാണ്. കൂടാതെ ഫൊറോന സൊഡാലിറ്റിയുടെ ഓർഗനൈസർ ആയി ജയ്മോൻ ജോർജ്ജും ജോ. സെക്രട്ടറിയായി ടെസ്സി ജോസഫും പ്രവർത്തിക്കുന്നു.

ഞങ്ങളെ നയിക്കുന്ന മണപ്പുറം ആശ്രമം പ്രീയോർ. ബഹു. സിറിയക്ക് മുരിക്കൻ C.M.I. യോടും മറ്റ് ആശ്രമ അംഗങ്ങളോടും ബഹു. സിസ്റ്റേഴ്സിനോടും സർവ്വോപരി മണപ്പുറത്ത് എന്നും ഞങ്ങളോടൊപ്പമുള്ള ഞങ്ങളുടെ മാതാപിതാക്കളോടും സഹോദരി സഹോദരൻമാരോടും അകം നിറയെ നന്ദി സൂചിപ്പിച്ചുകൊണ്ട് സൊഡാലിറ്റിയുടെ സേവനത്തിൽ.


പ്രസിഡൻറ്. ജയ്മോൻ ജോർജ്ജ്

Best Compliments from:-

KARIYIL MEDICALS

CHERTHALA

Best compliments from



TRINITY COLLEGE

P.O.BOX No. 59,CHERTHALA,
PIin 688524
Ph offi;0478-812944
Res 0478 532322

കടവിൽ ചിട്ടിഫണ്ട്

Phone : 552258 (PPM)
552239 (PPM)

കെ.ആർ പുരം. പി.ഒ., തവണക്കടവ് ചേർത്തല
പിൻ - 688 556

ഞങ്ങളുടെ ജുമ്മുതാവി ബ്രാഞ്ചിൽ നിന്നും പുതിയ ചിട്ടികൾ ഉടനെ ആരംഭിക്കുന്നു.
ആദ്യലേലം 1997 ഒക്ടോബർ 10
ആകെ സല 150000 രൂപ

2000 രൂ X 50 മാസം	X 1=	100000
500 രൂ X 50 മാസം	X 1=	25000
200 രൂ. X 50 മാസം	X 2 =	20000
100 രൂ. X 50 മാസം	X 1=	5000

തലയാൾ: അഡ്വ: തര്യൻ മാത്യു B.A., L.L.B
കടവിൽ

വിശദ വിവരങ്ങൾക്ക് തവണക്കടവിലുള്ള കടവിൽ ചിട്ടീസുമായി ബന്ധപ്പെടുക. കമ്മീഷൻ വ്യവസ്ഥയിൽ ഏജൻറുമാരെ ആവശ്യമുണ്ട്.

With best Compliments from:-

മാതാ ഓട്ടോ മൊബൈൽസ്

എസ്. എൻ. ജംഗ്ഷൻ, റിഫൈനറി റോഡ്, തൃപ്പൂണിത്തുറ

ഫോൺ - 775808

അശോക് ലൈലാൻറ്, ററാറ 407, 608,750 എന്നീ വാഹനങ്ങളുടെ ഒർജിനൽ സ്പെയർ പാർട്ട്സുകൾ മിതമായ നിരക്കിൽ ഇവിടെനിന്നും ലഭിക്കുന്നതാണ്.

